**പതിമൂന്നാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-2014)

**രണ്ടാമത് റിപ്പോർട്ട്**

(2012 ഡിസംബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011–2014)

രണ്ടാമത് റിപ്പോർട്ട്

(2012 ഡിസംബർ 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

2372/2012.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 10 |
| അനുബന്ധം II | .. | 11 |

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
(2011–2014)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
,, റോഷി അഗസ്റ്റിൻ
,, വി. പി. സജീന്ദ്രൻ
,, വി. ശിവൻകുട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി
,, പി. ഹരി, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-2014) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2012 ഡിസംബർ 13-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ഡിസംബർ 13.

## ആമുഖം

സഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ ഭരണഘടനയ്ക്കും ചട്ടങ്ങൾക്കും അനുസൃതമായാണോ സമർപ്പിച്ചിട്ടുള്ളത്, സമർപ്പണത്തിൽ അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോ, കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം കാണിക്കുന്ന കുറിപ്പ് മേശപ്പുറത്ത് വച്ചിട്ടുണ്ടോ ആയതിൽ സൂചിപ്പിച്ചിരിക്കുന്ന കാരണങ്ങൾ തൃപ്തികരമാണോ എന്നിവ പരിശോധിക്കുക, ബഹു. സ്പീക്കർമാർ അതാതുകാലങ്ങളിൽ ഏൽപ്പിക്കുന്ന കാര്യങ്ങൾ നിർവ്വഹിക്കുക എന്നീ ചുമതലകൾ നിറവേറ്റുന്നതിനായി ഒൻപതാം കേരള നിയമസഭയുടെ ചട്ടങ്ങൾ സംബന്ധിച്ച സമിതി (1995-1996)യുടെ 3-ാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം 1995 ഏപ്രിൽ 28-ാം തീയതി മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി. തുടർന്നുള്ള സമിതിയുടെ നിരന്തരമായ ശ്രമഫലമായി രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച വീഴ്ചകളും കാലതാമസവും ഒഴിവാക്കുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

എന്നിരുന്നാലും സർക്കാർ പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുവാൻ നൽകണം എന്നുള്ളത് പല വകുപ്പുകളും ഗൗരവമായി കാണുന്നില്ല എന്ന് സമിതി വീക്ഷിക്കുന്നു.

# റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166(1) പ്രകാരം ഭരണഘടനയ്ക്കോ അല്ലെങ്കിൽ പാർലമെന്റ് പാസാക്കിയ ഒരു ആക്ട് പ്രകാരം സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ നിയമസഭ, നിയമസഭയ്ക്ക് കീഴിലുള്ള ഒരു അധികാരസ്ഥാനത്തേയോ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ ചുമതലകൾക്കോ അനുസൃതമായി ഉണ്ടാക്കപ്പെട്ട ഒരു റെഗുലേഷൻ, ചട്ടം, ഉപചട്ടം, ബൈലാ മുതലായവ ഭരണഘടനയിലോ പ്രസ്തുത ആക്ടിലോ നിർദ്ദേശിക്കുന്ന കാലയളവിലേക്ക് നിയമസഭ മുമ്പാകെ സമർപ്പി ക്കേണ്ടതാണ്.

2. അപ്രകാരമുള്ള കടലാസുകൾ അവ പുറപ്പെടുവിച്ചതിന് തൊട്ടടുത്ത സമ്മേളനമോ അവ പുറപ്പെടുവിച്ചതു മുതൽ രണ്ട് മാസമോ ഏതാണാദ്യം വരുന്നത് അതിനുമുമ്പായി സഭയിൽ സമർപ്പിക്കാനായി നൽകേണ്ടതാണ്. കാലതാമസം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുമന്ത്രി കാലതാമസത്തിനുള്ള കാരണം കാണിക്കുന്ന കുറിപ്പ് കൂടി മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

3. പതിമൂന്നാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2011-2014) 2011 ഒക്ടോബർ മാസം 21-ാം തീയതി നിലവിൽവന്നു. ഈ കാലയളവിൽ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയ എസ്.ആർ.ഒ./വിജ്ഞാപനങ്ങളുടെ ഡിലേ സ്റ്റേറ്റ്മെന്റുകളും ഡിലേ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് ലഭ്യമാക്കിയ അധികവിവരങ്ങളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും അതിന്മേലുള്ള ശുപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

4. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 2007 മുതൽ 2009 വരെയുള്ള വർഷങ്ങളിൽ പുറപ്പെടുവിച്ച 43 എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു.

5. നിയമസഭയ്ക്ക് സമർപ്പിക്കുന്നതിന് മതിയായ പകർപ്പുകൾ ലഭ്യമല്ലാതി രുന്നതുമൂലമാണ് കാലതാമസം നേരിട്ടത് എന്ന കാരണമാണ് പ്രസ്തുത 43 ഡിലേ സ്റ്റേറ്റ്മെന്റുകളിലും കാണിച്ചിരിക്കുന്നത്. ഇത് സമിതിയെ തെറ്റിദ്ധരിപ്പിക്കു ന്നതിനുള്ളതാണെന്നും ഇത്തരത്തിലുള്ള വിശദീകരണങ്ങൾ ഒരു കാരണവശാലും സ്വീകാര്യമല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. എത്ര പകർപ്പുകളാണ് പ്രസ്സിൽ നിന്നും വകുപ്പിനു നൽകിയതെന്ന് അന്വേഷിച്ച് ആയതിന്റെ റിപ്പോർട്ടും 2007 മുതൽ 2009 വരെയുള്ള രണ്ടുവർഷവും തുടർച്ചയായി മതിയായ പകർപ്പുകൾ ലഭ്യമായില്ല എന്നുള്ള കാര്യം എന്തുകൊണ്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടില്ല എന്നുളളതിന്റെ വിശദീകരണവും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ധനകാര്യ വകുപ്പ്

6. ധനകാര്യ വകുപ്പ് 2010-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു.

7. കെ.എസ്.ആർ. ഒന്നാം ഭാഗം Appendix IVA, ചട്ടം 22B എന്നിവയുടെ ഭേദഗതി സംബന്ധിച്ച് പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 214/2010, 215/2010 എന്നിവയുടെ അച്ചടിച്ച പകർപ്പുകൾ പ്രസ്സിൽ നിന്നും ലഭിച്ചെങ്കിലും സെക്ഷനിൽ 'misplaced' ആയിപ്പോയതിനാലാണ് യഥാസമയം നിയമസഭാ സമിതി മുൻപാകെ സമർപ്പിക്കുവാൻ കഴിയാതിരുന്നത് എന്നാണ് പ്രസ്തുത എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത്. ഇത് കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നതു സംബന്ധിച്ച് തീർത്തും നിരുത്തരവാദപരമായ സമീപനമാണെന്നു സമിതി വിലയിരുത്തി. ആയതിന്മേൽ വിശദീകരണം ആരാഞ്ഞപ്പോൾ നിയമസഭാ സമിതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെക്കുറിച്ചുള്ള പരിചയക്കുറവ് കാരണമാണ് താമസം നേരിട്ടത് എന്നും, ഉത്തരവാദികളായവർക്ക് താക്കീത് നൽകിയിട്ടുണ്ടെന്നും അറിയിച്ചത് സമിതിക്ക് സ്വീകാര്യമല്ല എന്നും താക്കീത് നൽകിയിട്ടുണ്ടെങ്കിൽ ആയത് ഉത്തരവാദികളായവരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തണമെന്നും ആയതിന്റെ പകർപ്പ് സമിതിക്ക് നൽകണമന്നും സമിതി ആവശ്യപ്പെടുന്നു.

8. എസ്.ആർ.ഒ. നമ്പർ 240/2010, 411/2010, 412/2010 എന്നിവ മനഃപ്പൂർവ്വമല്ലാത്ത കാരണത്താലാണ് സഭയിൽ സമർപ്പിക്കുവാൻ നൽകിയതിൽ കാലതാമസം നേരിട്ടത് എന്ന് അറിയിച്ചിരിക്കുന്നു. ഇങ്ങനെ ഒഴുക്കൻമട്ടിലുള്ള മറുപടി തന്ന് ഉത്തരവാദിത്വത്തിൽ നിന്നും വകുപ്പ് രക്ഷപ്പെടാൻ ശ്രമിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള മറുപടി സമിതിക്ക് സ്വീകാര്യമല്ലെന്നും കാലതാമസം വരുത്തിയതിന്റെ യഥാർത്ഥ വിശദീകരണം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

9. എസ്.ആർ.ഒ. നമ്പർ 343/2010-ന്റെ 5 പ്രതി നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ട് എസ്.ആർ.ഒ. അംഗീകരിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിക്കാനായി കാത്തിരുന്നെന്നും എന്നാൽ അറിയിപ്പൊന്നും ലഭിച്ചില്ലായെന്നും അതാണ് പ്രസ്തുത എസ്.ആർ.ഒ. സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത് എന്നും ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നു. ഇത് ഏതു പ്രൊവിഷൻ അനുസരിച്ചാണെന്ന് മറുപടിയിൽ വ്യക്തമല്ല. സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് 150 പ്രതികളാണ് നൽകേണ്ടത് എന്നിരിക്കെ, പ്രസ്തുത എസ്.ആർ.ഒ.യുടെ 5 പ്രതി നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തത് ഏത് പ്രൊവിഷൻ അനുസരിച്ചാണെന്ന് സമിതിയെ അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## നികുതി വകുപ്പ്

10. നികുതി വകുപ്പിൽ നിന്നും ലഭിച്ച എസ്.ആർ.ഒ. നമ്പർ 121/2010, 122/2010, 123/2010 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു. നിയമസഭാ സമ്മേളനം തുടങ്ങിയതു കൊണ്ടുണ്ടായ തിരക്കു കൊണ്ടും ക്യാബിനറ്റ് നോട്ടുകൾ സമർപ്പിക്കേണ്ടിവന്നതിനാലും ഫയൽ മിസ്പ്ലേസ്ഡ് ആവുകയും ചെയ്തതിനാലും ആണ് കാലതാമസം നേരിട്ടത് എന്ന് അറിയിച്ചിരിക്കുന്നു.

11. പ്രസ്തുത വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചതുമുതൽ ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതുവരെയുള്ള കാലയളവിൽ എത്ര ക്യാബിനറ്റ് നോട്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് സമിതിയെ അറിയിക്കണമെന്നും ഫയൽ മിസ്പ്ലേസ്ഡ് ആയതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവർക്കെതിരെ നടപടിയെടുക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. എസ്.ആർ.ഒ നമ്പർ 298/1998-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ നിയമസഭയിൽ വയ്ക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടതായി കാണുന്നില്ല എന്നറിയിച്ചത് വകുപ്പിന്റെ നിരുത്തരവാദിത്വത്തെയാണ് എടുത്തു കാണിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഒൻപത് വർഷത്തിൽ കൂടുതൽ കാലതാമസം വരുത്തിയത് ഒരിക്കലും ന്യായീകരിക്കാനാവുന്നതല്ല എന്നും പ്രസ്തുത കാലതാമസം നികുതി വകുപ്പ് വളരെ ലാഘവത്തോടെയാണ് എടുത്തിരിക്കുന്നതെന്നും ഇതു സംബന്ധിച്ച് ഒരു അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## തൊഴിലും പുനരധിവാസവും വകുപ്പ്

13. തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും 2007, 2009, 2010, 2011 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു. മനഃപ്പൂർവ്വമല്ലാതെയുണ്ടായ കാലതാമസമാണ് എന്നും, അന്നത്തെ ഉദ്യോഗസ്ഥർക്ക് അറിയാത്തത് കൊണ്ടാവാം കാലതാമസമുണ്ടായത് എന്നുമാണ് പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റുകളിൽ പറഞ്ഞിരിക്കുന്നത്.

14. പ്രസ്തുത വിജ്ഞാപനങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിൽ ഒന്നും രണ്ടും വർഷത്തെ കാലതാമസമുണ്ടായിട്ടുണ്ട്. കാലതാമസത്തിനുള്ള യഥാർത്ഥ കാരണങ്ങൾ മറച്ചുവച്ച് വളരെ ലാഘവത്തോടെ മറുപടി നൽകുന്നത് സഭയോടും സമിതിയോടുമുള്ള അവഹേളനമായി സമിതി വിലയിരുത്തുന്നു. പ്രസ്തുത കാലതാമസം സമിതി വളരെ ഗൗരവപരമായി വീക്ഷിക്കുന്നു. ആയതിനാൽ കാലതാമസം സംബന്ധിച്ച് വിശദമായ മറുപടി നൽകുവാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

## റവന്യൂ വകുപ്പ്

15. റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 432/97 സഭയിൽ സമർപ്പിക്കുവാൻ നൽകിയതിൽ ഏഴു വർഷത്തെ കാലതാമസം ഉണ്ടായതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ മുൻ സമിതി ആവശ്യപ്പെട്ട പ്രകാരം വകുപ്പിലെ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുള്ള അണ്ടർ സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും അന്വേഷണ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് (അനുബന്ധം-I). പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശുപാർശ സർക്കാർ അംഗീകരിക്കുകയും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്ക് മാപ്പ് നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് റവന്യൂ വകുപ്പിൽ നിന്നും അറിയിച്ചിരിക്കുന്നു.

16. ഇത്തരം വീഴ്ചകൾക്ക് മാപ്പ് നൽകുന്നത് ഉചിതമല്ലെന്നും പ്രസ്തുത ഏഴുവർഷത്തെ കാലതാമസത്തെ സർക്കാർ ഗൗരവതരമായി കാണേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ഇത്തരം കാലതാമസം സർക്കാർ ഓഫീസുകളിൻമേൽ പൊതുജനത്തിനുള്ള വിശ്വാസത്തിന് വെല്ലുവിളി ഉയർത്തുമെന്നും അതു കൊണ്ടുതന്നെ ഇത് ഒരു പതിവാക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു.

## പൊതുമരാമത്ത് വകുപ്പ്

17. പൊതുമരാമത്ത് വകുപ്പിൽ നിന്നും 2004-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ ഡിലേ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് മുൻ സമിതി ആവശ്യപ്പെട്ടപ്രകാരം വകുപ്പിൽനിന്നും നൽകിയ അധികവിവരം സമിതി പരിശോധിച്ചു. വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനിലെ ടൈപ്പിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു വെന്നും ആയതിനാൽ കത്തുകൾ ടൈപ്പ് ചെയ്ത് അയയ്ക്കുന്നതിൽ കാലതാമസമുണ്ടായി എന്നും വിശദീകരണം നൽകിയിരിക്കുന്നു. ഈ വിശദീകരണം യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല എന്ന് സമിതി വിലയിരുത്തുന്നു. ഇത് സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒഴിഞ്ഞുമാറ്റമായി സമിതി വീക്ഷിക്കുന്നു. എസ്.ആർ.ഒ.കൾ പ്രസിദ്ധീകരിച്ചാൽ അവ മേശപ്പുറത്തുവയ്ക്കണമെന്ന് ചട്ടമുണ്ടായി രിക്കെ അത് ചെയ്യാത്തത് കൃത്യവിലോപമാണെന്ന് ബഹു. സ്പീക്കർ 18-2-2002-ൽ പുറപ്പെടുവിച്ച റൂളിംഗിലും ചീഫ് സെക്രട്ടറിയുടെ 15-3-2002-ലെ സർക്കുലറിലും പ്രതിപാദിച്ചിട്ടുണ്ട്. എന്നിട്ടും ഇത് പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത സമിതി വളരെ ഗൗരവമായി കാണുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സെക്രട്ടറി തലത്തിൽ കർശന നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കാലതാമസത്തിനുള്ള വ്യക്തമായ കാരണം ഉടൻതന്നെ അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

## സഹകരണ വകുപ്പ്

18. സഹകരണ വകുപ്പ് 2007, 2008 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു.

19. എസ്.ആർ.ഒ. നമ്പർ 162/2007-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ നിയമവകുപ്പിന്റെ നിർദ്ദേശം ആരായാൻ മൂന്നു മാസത്തോളം സമയം വേണ്ടിവന്നു എന്നത് സമിതിക്ക് സ്വീകാര്യമല്ലെന്ന് വിലയിരുത്തി. നിയമ വകുപ്പിന്റെ നിർദ്ദേശം ആരായുന്നതിന് മൂന്ന് മാസം വേണ്ടിവന്നു എന്നത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.

## സാമൂഹ്യക്ഷേമ വകുപ്പ്

20. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 2006, 2007, 2009, 2011 എന്നീ വർഷങ്ങളിലെ എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.

21. എസ്.ആർ.ഒ. നമ്പർ 155/2006-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ സെക്ഷനിൽ ടൈപ്പിസ്റ്റ് ഇല്ലാതിരുന്നതിനാലാണ് വിജ്ഞാപനം സഭയിൽ സമർപ്പിക്കുവാൻ കാലതാമസം നേരിട്ടത് എന്ന് അറിയിച്ചിരിക്കുന്നു.

22. പ്രസ്തുത വിശദീകരണം സമിതിക്ക് സ്വീകാര്യമല്ലായെന്നും, ഇത്തരം ബാലിശമായ പ്രസ്താവനയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും, ഇതു സംബന്ധിച്ച് വകുപ്പ് വ്യക്തമായ വിശദീകരണം നൽകണമെന്ന് സമിതി ആവശ്യപ്പെടുകയും ചെയ്യുന്നു.

23. എസ്.ആർ.ഒ. നമ്പർ 537/2009-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൽ ചെയ്തിരുന്ന ബന്ധപ്പെട്ട ജോലികൾ ഒന്നാകെ സാമൂഹ്യക്ഷേമ വകുപ്പിലേക്ക് കൈമാറിയതിനാൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജോലിഭാരം താങ്ങാവുന്നതിലും അധികമായി എന്നും, പ്രസ്തുത സീറ്റിലേക്ക് നിയമിതരായവർ പരിചയം കുറഞ്ഞവരായതിനാലും, ജോലിഭാരം താങ്ങാൻ സാധിക്കാത്തതിനാലും ഇവരെ അടിക്കടി മാറ്റിനിയമിച്ചതിനാലും, കൂടാതെ മാസങ്ങളോളം ആളെ നിയമിക്കാതെ സീറ്റ് ഒഴിഞ്ഞുകിടന്നതിനാലും ആണ് പ്രസ്തുത എസ്.ആർ.ഒ. സഭയിൽ സമർപ്പിക്കാൻ കാലതാമസമുണ്ടായത് എന്ന് വിശദീകരിച്ചിരിക്കുന്നു.

24. പ്രസ്തുത വിശദീകരണം സമിതിക്ക് തൃപ്തികരമല്ലെന്നും ഇത്തരം നിസ്സാരവും ബാലിശവുമായ കാരണങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് വ്യക്തമാക്കുന്നതെന്നും, ആയതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ഊർജ്ജവകുപ്പ്

25. ഊർജ്ജവകുപ്പിൽ നിന്നും പുറപ്പെടുവിച്ച 2004, 2005, 2006, 2007, 2008, 2010 എന്നീ വർഷങ്ങളിലെ എസ്.ആർ.ഒ.കളുടെയും നോട്ടിഫിക്കേഷനുകളുടെയും ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.

26. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 1/1/KERC-2005/IV, 1/1/KERC-2005/VIII, 1/1/KERC/IX എന്നീ നോട്ടിഫിക്കേഷനുകളുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ മതിയായ എണ്ണം പ്രതികൾ ഇല്ലാതിരുന്നതിനാലാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ നൽകാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു.

27. ഊർജ്ജവകുപ്പിൽ നിന്നും നൽകിയ ഈ വിശദീകരണത്തിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, മതിയായ പകർപ്പുകൾ വകുപ്പിൽ ലഭ്യമാക്കാത്തതിന് ഉത്തരവാദി ആരാണെന്ന് കണ്ടെത്തി ശിക്ഷാനടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുകയും ചെയ്യുന്നു.

28. 28-4-2007 തീയതിയിലെ 1/1/KSERC-2006 വിജ്ഞാപനത്തിന്റെ ഡിലേ സ്റ്റേറ്റ്മെന്റിൽ ഭരണപരമായ കാരണങ്ങളാലാണ് നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു.

29. പ്രസ്തുത മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുന്ന സമിതി, ഭരണപരമായ കാരണങ്ങൾ എന്താണെന്ന് വകുപ്പ് വ്യക്തമായി വിശദീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

30. KSERC/III/Supply Code Second Amendment/2007, KSERC/III/CGRF/ First Amendment/2007/277, KSERC/TP23 of 2006 TP 30 of 2007, KSERC/III/TP-33/07, Notification No. 1718/CT/10/KSERC, Notification No. 2158/CT/10/ KSERC എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ മനഃപ്പൂർവ്വമായ യാതൊരു അലംഭാവവും ഉണ്ടായിട്ടില്ലെന്നും, ഭരണപരമായ കാലതാമസം മാത്രമെ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ എന്നും അറിയിച്ചിരിക്കുന്നു.

31. പ്രസ്തുത വിശദീകരണം സമിതിക്ക് സ്വീകാര്യമല്ലായെന്നും കാലതാമസത്തിനുള്ള കാലാനുക്രമമായ വിശദീകരണം വകുപ്പ് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ഭവനനിർമ്മാണ വകുപ്പ്

32. ഭവനനിർമ്മാണ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ നമ്പർ 506/2004, 507/2004, 508/2004, 509/2004 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ, പ്രസ്തുത വിജ്ഞാപനത്തിന്റെ 150 പകർപ്പുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ നേരിട്ട് നൽകുവാൻ പ്രിന്റിംഗ് ഡയറക്ടർക്ക് നിർദ്ദേശം കൊടുക്കുകയായിരുന്നു എന്നറിയിച്ചിരിക്കുന്നു.

33. പ്രസ്തുത മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി കടലാസുകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നത് ബന്ധപ്പെട്ട വകുപ്പ് നിസ്സാരമായാണ് കാണുന്നതെന്നും ഇത്തരം കാലതാമസം ഒഴിവാക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ ശ്രദ്ധ ചെലുത്തണമെന്നും നിർദ്ദേശിക്കുന്നു.

## ഭക്ഷ്യ പൊതുവിതരണ വകുപ്പ്

34. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും 2005, 2007, 2008 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുടെ ഡിലേ സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.

35. എസ്.ആർ.ഒ. നമ്പർ 1069/2005-ന്റെ ഡിലേ സ്റ്റേറ്റ്മെന്റിന്മേൽ സർക്കാർ പ്രസ്സിൽ നിന്നും കോപ്പികൾ നിയമസഭയ്ക്ക് നൽകുന്ന പതിവുണ്ട് എന്ന് തെറ്റായി ധരിച്ചതുകൊണ്ടാണ് നിശ്ചിത സമയത്തിനകം സഭയുടെ മുമ്പാകെ സമർപ്പിക്കാൻ കഴിയാതിരുന്നത് എന്നറിയിച്ചിരിക്കുന്നു.

36. പ്രസ്തുത വിശദീകരണം സ്വീകാര്യമല്ലെന്നും നിയമത്തിന്റെ അജ്ഞത ഒരു ഒഴിവ്കഴിവല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

37. എസ്.ആർ.ഒ. നമ്പർ 524/2007, 243/2008, 339/2008, 991/2008, 1161/2008 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ മുൻസമിതിയുടെ (2006-09) രണ്ടാമത് റിപ്പോർട്ടിൽ പരാമർശിച്ചതിനുശേഷമാണ് എസ്.ആർ.ഒ.കൾ സഭയിൽ സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടത് എന്നും ഉടനെതന്നെ ആയത് സമർപ്പിക്കുകയും ചെയ്തു എന്നും അറിയിച്ചിരിക്കുന്നു.

38. സമിതിയുടെ റിപ്പോർട്ടിൽ പരാമർശിച്ചതിനുശേഷം മാത്രമാണ് എസ്.ആർ.ഒ.കൾ സഭയിൽ സമർപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടത് എന്നത് വകുപ്പിന്റെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണെന്നും, 2008 മാർച്ചിൽ സഭയിൽ സമർപ്പിച്ച

റിപ്പോർട്ടിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിന് വീണ്ടും ഒൻപത് മാസത്തെ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയ സമിതി, ഉടനെതന്നെ എസ്.ആർ.ഒ.കൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് വകുപ്പ് വിശദീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

## കൃഷി വകുപ്പ്

39. കൃഷിവകുപ്പിൽനിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 1116/2005, 1117/2005 എന്നിവയുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ, എസ്.ആർ.ഒ.കളുടെ അച്ചടിച്ച പ്രതികൾ വളരെ വൈകി മാത്രമാണ് സർക്കാരിന് ലഭിച്ചത് എന്നും മനഃപ്പൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

40. പ്രസ്തുത വിജ്ഞാപനങ്ങൾ സഭയിൽ സമർപ്പിക്കുന്നതിന് മൂന്ന് വർഷത്തിൽ കൂടുതൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്ന സാഹചര്യത്തിൽ എസ്.ആർ.ഒ. കളുടെ അച്ചടിച്ച പകർപ്പുകൾ സർക്കാരിന് ലഭിക്കുന്നതിന് കാലതാമസം വരുത്തിയത് സംബന്ധിച്ച്, വകുപ്പിന് പുറത്തുനിന്നുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തണമെന്നും അന്വേഷണം അവസാനിച്ച് ഒരു മാസത്തിനകം അന്വേഷണ റിപ്പോർട്ടിന്റെ പ്രതി സമിതിക്ക് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

## ഗതാഗതവകുപ്പ്

41. ഗതാഗതവകുപ്പ് 2007, 2008, 2009, 2010 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു.

42. എസ്.ആർ.ഒ. നമ്പർ 628/2008, 1216/2008, 1222/2008, 1223/2008, 1257/2008 എന്നിവയുടെ ഡിലേ സ്റ്റേറ്റുമെന്റിൽ ഭരണപരമായ കാരണങ്ങളാലാണ് പ്രസ്തുത എസ്.ആർ.ഒ.കൾ യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നത് എന്നറിയിച്ചിരിക്കുന്നു.

43. ഭരണപരമായ കാരണങ്ങളാലാണ് യഥാസമയം എസ്.ആർ.ഒ.കൾ സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നത് എന്ന വിശദീകരണം സമിതിക്ക് സ്വീകാര്യമല്ലെന്നും, ഏതു തരത്തിലുള്ള ഭരണപരമായ കാരണങ്ങളാലാണ് കാലതാമസം നേരിട്ടത് എന്ന് ബന്ധപ്പെട്ട വകുപ്പ് വിശദീകരിക്കണമെന്നും സമിതി ആവശ്യപ്പെടുന്നു.

## നിയമവകുപ്പ്

44. നിയമവകുപ്പിൽനിന്നും 2005 മുതൽ 2011 വരെ വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കളുടെ ഡിലേസ്റ്റേറ്റ്മെന്റ് സമിതി പരിശോധിച്ചു.

45. എസ്.ആർ.ഒ.നമ്പർ 63/2005-ന്റെ ഡിലേ സ്റ്റേറ്റുമെന്റിൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ ഭരണത്തിനുമാത്രമായി ഒരു പുതിയ സെക്ഷൻ രൂപീകരിച്ച സമയത്താണ് പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധീകരിച്ചതെന്നും, പുതിയ സെക്ഷന്റെ ശ്രദ്ധയിൽപ്പെടാതിരുന്നതുമൂലമാണ് ഈ എസ്.ആർ.ഒ. യഥാസമയം സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നത് എന്നും അറിയിച്ചിരിക്കുന്നു.

46. ഇത്തരത്തിലുള്ള നിസ്സാരവും അടിസ്ഥാനരഹിതവും അസംബന്ധവുമായ കാരണങ്ങൾ സമിതിക്ക് സ്വീകാര്യമല്ലെന്നും, പ്രസ്തുത എസ്.ആർ.ഒ. സഭയിൽ സമർപ്പിക്കുന്നതിന് മൂന്ന് വർഷത്തിൽ കൂടുതൽ കാലതാമസമുണ്ടായതിന് വകുപ്പ് ശരിയായ വിശദീകരണം നൽകണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

47. എസ്.ആർ.ഒ. നമ്പർ 97/2007, 440/2007 എന്നിവയുടെ ഡിലേ സ്റ്റേറ്റുമെന്റിൽ അസംബ്ലി സെഷൻ നടക്കുന്ന സമയമായതിനാൽ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകാനുണ്ടായിരുന്നതുമൂലമാണ് എസ്.ആർ.ഒ.കൾ യഥാസമയം സഭയിൽ സമർപ്പിക്കാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു.

48. പ്രസ്തുത ഡിലേസ്റ്റേറ്റ്മെന്റുകളിൽ പറഞ്ഞിരിക്കുന്നപ്രകാരം നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകാനുണ്ടായിരുന്നതുമൂലമാണ് എസ്.ആർ.ഒ.കൾ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായത് എന്നകാരണം സമിതിക്ക് സ്വീകാര്യമല്ലെന്നും, ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനയിൽ സമിതി അതിയായ അമർഷം രേഖപ്പെടുത്തുകയും ചെയ്യുന്നു. ചോദ്യങ്ങൾ ചോദിക്കുക എന്നത് ഒരു നിയമസഭാംഗത്തിന്റെ അവകാശമാണെന്നും നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടത് കാലതാമസത്തിനുള്ള ന്യായീകരണമായി കാണരുതെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരത്തിലുള്ള കാരണം ഡിലേസ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയതിന് വകുപ്പ് വിശദീകരണം നൽകണമെന്ന് സമിതി കർശനമായി നിർദ്ദേശിക്കുന്നു.

49. നോട്ടിഫിക്കേഷൻ നമ്പർ 1285/എ/07/KELSA യുടെ ഡിലേ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത വിജ്ഞാപനം ആദ്യം KELSA യുടെ മെമ്പർ സെക്രട്ടറി ഒപ്പിട്ട ഡിലേ സ്റ്റേറ്റുമെന്റോടുകൂടിയാണ് നിയമസഭയിലേക്ക് അയച്ചുതന്നത് എന്നും, എന്നാൽ വിജ്ഞാപനവും, ഡിലേസ്റ്റേറ്റുമെന്റും പ്രത്യേകമായി അച്ചടിച്ചു നൽകണമെന്നും, ഡിലേ സ്റ്റേറ്റുമെന്റ് സർക്കാർ തലത്തിലാണ് നൽകേണ്ടതെന്നും നിയമസഭാ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം വീണ്ടും അച്ചടിച്ചു തയ്യാറാക്കേണ്ടിവന്നു എന്നാണ് കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത്.

50. മേൽ പറഞ്ഞ കാരണം ഒരിക്കലും നിലനിൽക്കുന്നതല്ല എന്നും, ഒരു മുതിർന്ന ഹൈക്കോടതി ജഡ്ജി ചെയർമാൻ ആയിരിക്കെ KELSA യുടെ ഭാഗത്തു നിന്നുമുള്ള ഇത്തരം വീഴ്ചകൾ അദ്ദേഹത്തെയാണ് ബാധിക്കുക എന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം പാളിച്ചകൾ KELSA-യുടെ ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

51. എസ്.ആർ.ഒ. നമ്പർ 734/2009-ന്റെ ഡിലേ സ്റ്റേറ്റുമെന്റിൽ സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും മനഃപ്പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല എന്നും ബോധിപ്പിച്ചിരിക്കുന്നു.

52. ഡിലേ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നപ്രകാരം സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന വിശദീകരണം ഒരിക്കലും അംഗീകരിക്കാവുന്നതല്ലായെന്നും, കാലതാമസം വരുത്തുന്നത് നിയമവകുപ്പിന്റെ ഭാഗത്തുനിന്നും സ്വാഭാവികമാണെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. യഥാർത്ഥ വിശദീകരണം നിയമവകുപ്പ് നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

53. സർക്കാർ ഉത്തരവ് നമ്പർ 22/09/നിയമം എന്ന വിജ്ഞാപനത്തിന്റെ ഡിലേസ്റ്റേറ്റ്മെന്റിന്മേൽ, പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം ബന്ധപ്പെട്ട ചട്ടങ്ങളിൽ ധാരാളം ഭേദഗതി നിർദ്ദേശങ്ങൾ വന്നു എന്നും ആയവകൂടി ഉൾക്കൊള്ളിക്കേണ്ടിവന്നതിനാലാണ് യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നത് എന്നും പറഞ്ഞിരിക്കുന്നു.

54. പ്രസ്തുത വിശദീകരണം സ്വീകാര്യമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ അതു പൊതുസ്വത്താകുമെന്നും, ആയതിനാൽ അത് അതേപടി നിയമസഭയിൽ സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

55. എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കാത്തതിനാലാണ് ഡിലേ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെടേണ്ടിവരുന്നത്. എന്നാൽ പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിൽപോലും ക്രമാതീതമായ കാലതാമസമുണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. തൊഴിലും പുനരധിവാസവും വകുപ്പിൽ നിന്നും സമയപരിധി കഴിഞ്ഞ് നൽകിയ നാൽപ്പതോളം വിജ്ഞാപനങ്ങൾക്ക് (അനുബന്ധം II) നാളിതുവരെ ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, റവന്യൂ, ഊർജ്ജം, തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി (ക്ഷീര വികസനം) എന്നീ വകുപ്പുകളിൽനിന്നും 2009 മുതൽ 2011 വരെ പുറപ്പെടുവിച്ച പല വിജ്ഞാപനങ്ങൾക്കും ഡിലേ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കേണ്ടതുണ്ട്. ഇത് സഭയോടും സമിതിയോടുമുള്ള അവഹേളനമായി സമിതി വീക്ഷിക്കുന്നു. പ്രധാനപ്പെട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുമ്പോൾ ആയത് ജനപ്രതിനിധികൾക്ക് യഥാസമയം ലഭ്യമാക്കാതിരിക്കുന്നത് അംഗങ്ങൾക്ക് അറിയാനും ഭേദഗതി നിർദ്ദേശിക്കാനുമുള്ള അവകാശങ്ങളുടെ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത എസ്.ആർ.ഒ.കൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി കുടിശ്ശികയുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സത്വരമായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതുവായ ശുപാർശകൾ

1. വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതു സംബന്ധിച്ച് പല ഉദ്യോഗസ്ഥരും ബോധവാന്മാരല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച് സെക്രട്ടറിതലത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. മിക്ക വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങൾ 'ഭരണപരം', 'മനഃപ്പൂർവ്വമല്ലാത്ത' 'അറിവില്ലായ്മ' എന്നിങ്ങനെയാണ്. ഇത് തീർത്തും ബാലിശവും നിരുത്തരവാദപരവുമായ മറുപടിയാണ്. കാലതാമസം ഉണ്ടാകുമ്പോൾ അതിന്റെ ദിനംപ്രതിയുള്ള കാരണം വ്യക്തമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമ്പോൾ ബഹു. മന്ത്രിയുടേയും സാക്ഷ്യപ്പെടുത്തിയ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന്റേയും ഔദ്യോഗികമുദ്ര പതിപ്പിക്കുന്നതിനുപകരം പേരും പദവിയും പ്രിന്റ് ചെയ്തു ലഭ്യമാക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത് ഒരു പതിവാക്കരുതെന്നും ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടേയും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയും ഔദ്യോഗികമുദ്ര പതിപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റിന്റെ പ്രതികൾതന്നെ ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ജോസ് തെറ്റയിൽ,

*ചെയർമാൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ഡിസംബർ 13.

## അനുബന്ധം I

## റവന്യൂ വകുപ്പിൽനിന്നും ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിന്റെ പ്രസക്തഭാഗം

റവന്യൂ വകുപ്പിൽ ടി വിഷയം കൈകാര്യം ചെയ്തിരുന്ന ഇ1 സീറ്റ് 1997 ഏപ്രിൽ മാസം ഒഴിഞ്ഞുകിടക്കുകയായിരുന്നു (നാലു ദിവസം ഒഴികെ). 7-5-1997 ലാണ് ലക്ഷ്മണൻ അസിസ്റ്റന്റായി ടി സെക്ഷനിൽ ചാർജ്ജെടുക്കുന്നത്. ടിയാൻ ആ മാസം 10 ദിവസം അവധിയെടുത്തു. കൂടാതെ ഇ1 സീറ്റ് ടി കാലയളവിൽ മൂന്നു മാസത്തോളം ഒഴിഞ്ഞുകിടന്നിരുന്നു. ഈ കാലയളവിനുള്ളിൽ ടി സെക്ഷനിൽ സമയപരിധിയുള്ള കോടതിവിധികൾ, സീനിയോറിറ്റി തർക്കങ്ങൾ തുടങ്ങി വളരെയധികം ജോലി കുടിശ്ശികയായി. സെക്ഷൻ ഓഫീസർ, സെക്ഷന്റെ ചാർജ്ജുള്ള അണ്ടർ സെക്രട്ടറി എന്നിവർ ഈ സീറ്റുകളിലെ അടിയന്തിര ജോലികളുമായി വളരെ തിരക്കിലായിരുന്നു. ഇതിനിടെ 16-6-1997-ലാണ് ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് അതും 50 പകർപ്പുകൾ മാത്രം പ്രസ്സിൽ നിന്നും സെക്ഷനിൽ ലഭിക്കുന്നത്. ഇത് തപാൽ നമ്പരടിച്ച് ഓഫീസ് സെക്ഷൻ വഴിയല്ല, മറിച്ച് സെക്ഷനിൽ നേരിട്ട് എത്തിക്കുകയാണ് പതിവ്. അതിനാൽ സെക്ഷൻ ഓഫീസറോ അണ്ടർ സെക്രട്ടറിയോ ഇക്കാര്യം അറിഞ്ഞിരിക്കണമെന്നില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് നിശ്ചിത സമയപരിധിക്കുള്ളിൽ വിജ്ഞാപനം സഭയുടെ മേശപ്പുറത്തുവയ്ക്കാതിരുന്നത്. സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട ജോലികളിൽ മുൻപരിചയമോ, ഇത് സംബന്ധിച്ച ചട്ടങ്ങളെക്കുറിച്ച് ശരിയായ അറിവോ ഉണ്ടായിരുന്നെങ്കിൽ എത്ര തിരക്കിട്ട ജോലിക്കിടയിലും നിയമസഭാ സമിതികൾ സംബന്ധിച്ച ജോലികൾ സമയബന്ധിതമായി ചെയ്തേനെ എന്നതിനാലാണ് ഉദ്യോഗസ്ഥരുടെ അറിവില്ലായ്മമൂലമാണ് യഥാസമയം വിജ്ഞാപനം മേശപ്പുറത്തുവയ്ക്കാതിരുന്നതെന്ന അനുമാനത്തിലെത്തിയത്. ഇക്കാര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ സർവ്വീസിലുള്ള രണ്ടു ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ടു. സെക്ഷനിൽ അസിസ്റ്റന്റുമാരുടെ സേവനംപോലും ലഭ്യമല്ലാതിരുന്ന അവസരത്തിൽ സമയപരിധിയുള്ള വളരെയധികം ഫയലുകൾ നേരിട്ട് കൈകാര്യം ചെയ്യുന്നതിനിടയിൽ വന്നുപോയ മേൽപ്പറഞ്ഞ വീഴ്ച അവരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും ഇപ്രകാരം സംഭവിച്ചതിൽ അതിയായി ഖേദിക്കുന്നതായും ഇതുമൂലമുണ്ടായ അസൗകര്യം മാപ്പാക്കണമെന്നും ഉദ്യോഗസ്ഥർ അഭ്യർത്ഥിക്കുകയുണ്ടായി.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഭീമമായ കുടിശ്ശികയുൾപ്പെടെയുള്ള സമയബന്ധിത ജോലികൾ ചെയ്തു തീർക്കുന്നതിനിടയിൽ താഴെത്തട്ടിൽ സംഭവിച്ചുപോയ മേൽപ്പറഞ്ഞ വീഴ്ചയുടെ പേരിൽ 7 വർഷത്തിനുശേഷം അന്നത്തെ സൂപ്പർവൈസറി ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നത് അനുചിതമാണെന്ന് കാണുന്നു. ആയതിനാൽ നോട്ടപ്പിശകുമൂലം ഉണ്ടായ തെറ്റ് മാപ്പാക്കണമെന്ന അഭ്യർത്ഥന അംഗീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

അനുബന്ധം II

## തൊഴിലും പുനരധിവാസവും വകുപ്പിൽനിന്നും ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുവാനുള്ള വിജ്ഞാപനങ്ങളുടെ വിശദാംശം

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനം നമ്പർ | പ്രസിദ്ധീകരിച്ച തീയതി | ഈ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 782/2009 മുതൽ 805/2009 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 678/2009/തൊഴിൽ | 29-9-2009 | 16-12-2009 |
| 2 | 198/2010 മുതൽ 202/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 1260/2009/തൊഴിൽ | 2-3-2010 | 20-4-2010 |
| 3 | 203/2010 | ജി.ഒ.(ആർറ്റി.)നമ്പർ 12/2010/തൊഴിൽ | 2-3-2010 | 3-5-2010 |
| 4 | 204/2010 മുതൽ 206/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 13/2010/തൊഴിൽ | 2-3-2010 | 3-5-2010 |
| 5 | 207/2010,208/2010 | ജി.ഒ.(ആർറ്റി.)നമ്പർ 161/2010/തൊഴിൽ | 2-3-2010 | 3-5-2010 |
| 6 | 333/2010 | ജി.ഒ.(ആർറ്റി.)നമ്പർ 29/2010/തൊഴിൽ | 30-3-2010 | 30-8-2010 |
| 7 | 334/2010 | ജി.ഒ.(ആർറ്റി.)നമ്പർ 33/2010/തൊഴിൽ | 30-3-2010 | 30-8-2010 |
| 8 | 371/2010 | ജി.ഒ.(ആർറ്റി.)നമ്പർ 11/2010/തൊഴിൽ | 13-4-2010 | 19-7-2010 |
| 9 | 373/2010 മുതൽ 375/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 28/2010/തൊഴിൽ | 13-4-2010 | 18-9-2010 |
| 10 | 376/2010 | ജി.ഒ.(ആർറ്റി.)നമ്പർ 30/2010/തൊഴിൽ | 13-4-2010 | 20-7-2010 |
| 11 | 377/2010 മുതൽ 381/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 31/2010/തൊഴിൽ | 13-4-2010 | 20-7-2010 |
| 12 | 382/2010 മുതൽ 386/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 32/2010/തൊഴിൽ | 13-4-2010 | 3-8-2010 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 13 | 387/2010 | ജി.ഒ.(ആർറ്റി.)നമ്പർ 34/2010/തൊഴിൽ | 13-4-2010 | 23-6-2010 |
| 14 | 430/2010 മുതൽ 443/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 159/2010/തൊഴിൽ | 4-5-2010 | 3-8-2010 |
| 15 | 471/2010 മുതൽ 473/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 158/2010/തൊഴിൽ | 18-5-2010 | 3-8-2010 |
| 16 | 474/2010 മുതൽ 479/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 160/2010/തൊഴിൽ | 18-5-2010 | 30-8-2010 |
| 17 | 480/2010 | ജി.ഒ.(ആർറ്റി.)നമ്പർ 163/2010/തൊഴിൽ | 18-5-2010 | 3-7-2010 |
| 18 | 481/2010 | ജി.ഒ.(ആർറ്റി.)നമ്പർ 164/2010/തൊഴിൽ | 18-5-2010 | 3-7-2010 |
| 19 | 482/2010 | ജി.ഒ.(ആർറ്റി.)നമ്പർ 165/2010/തൊഴിൽ | 18-5-2010 | 30-8-2010 |
| 20 | 483/2010 | ജി.ഒ.(ആർറ്റി.)നമ്പർ 166/2010/തൊഴിൽ | 18-5-2010 | 30-8-2010 |
| 21 | 484/2010 മുതൽ 487/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 667/2010/തൊഴിൽ | 18-5-2010 | 12-7-2010 |
| 22 | 600/2010 | ജി.ഒ.(ആർറ്റി.)നമ്പർ 690/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 23 | 601/2010, 602/2010 | ജി.ഒ.(ആർറ്റി.)നമ്പർ 691/2010/തൊഴിൽ | 22-6-2010 | 18-9-2010 |
| 24 | 603/2010 മുതൽ 606/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 692/2010/തൊഴിൽ | 22-6-2010 | 3-8-2010 |
| 25 | 607/2010 മുതൽ 609/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 707/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 26 | 610/2010 മുതൽ 612/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 732/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 27 | 613/2010 | ജി.ഒ.(ആർറ്റി.)നമ്പർ 745/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 28 | 614/2010 | ജി.ഒ.(ആർറ്റി.)നമ്പർ 746/2010/തൊഴിൽ | 22-6-2010 | 3-8-2010 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 29 | 615/2010 മുതൽ 618/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 757/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 30 | 620/2010 മുതൽ 622/2010 | ജി.ഒ.(ആർറ്റി.)നമ്പർ 784/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 31 | 623/2010 മുതൽ 627/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 818/2010/തൊഴിൽ | 22-6-2010 | 30-8-2010 |
| 32 | 628/2010 മുതൽ 630/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 822/2010/തൊഴിൽ | 22-6-2010 | 18-9-2010 |
| 33 | 643/2010 മുതൽ 647/2010 വരെ | ജി.ഒ.(ആർറ്റി.)നമ്പർ 733/2010/തൊഴിൽ | 29-6-2010 | 30-8-2010 |
| 34 | 648/2010 | ജി.ഒ.(ആർറ്റി.)നമ്പർ 820/2010/തൊഴിൽ | 29-6-2010 | 30-8-2010 |
| 35 | 649/2010 | ജി.ഒ.(ആർറ്റി.)നമ്പർ 821/2010/തൊഴിൽ | 29-6-2010 | 18-9-2010 |
| 36 | 20/2011 | ജി.ഒ.(ആർറ്റി.)നമ്പർ 25/2011/തൊഴിൽ | 11-1-2011 | 22-2-2011 |
| 37 | 143/2011 | ജി.ഒ.(ആർറ്റി.)നമ്പർ 248/2011/തൊഴിൽ | 23-2-2011 | 13-5-2011 |
| 38 | 793/2011 | ജി.ഒ.(പി)നമ്പർ 180/2011/തൊഴിൽ | 15-12-2011 | 20-3-2012 |
| 39 | 138/2012 | ജി.ഒ.(ആർറ്റി.)നമ്പർ 291/2012/തൊഴിൽ | 1-3-2012 | 20-4-2012 |